കേരള സർക്കാർ

## സംഗ്രഹം

ധനകാര്യവകുപ്പ്- നിയോജകമണ്ഡലം ആസ്തി വികസന പദ്ധതി-പേരാമ്പ്ര നിയോജകമണ്ഡലം-ആവള ഗവ.ഹയർസെക്കന്ററി സ്കൂളിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്ന പ്രവൃത്തിക്ക് തുക അനുവദിക്കുന്നതിന് പ്രത്യേകാനുമതി നൽകി ഉത്തരവാകുന്നു.

---

**ധനകാര്യ (നോഡൽ സെന്റർ - സി) വകുപ്പ്**

**സ.ഉ.(സാധാ)നം.10185/2018/ധന. തീയതി, തിരുവനന്തപുരം, 12/12/2018**

---

പരാമർശം : 1. 04/08/2018 ലെ സ.ഉ(അ)നം.119/2018/ധന. ഉത്തരവ്
2. ബഹു. തൊഴിലും എക്സൈസും വകുപ്പ മന്ത്രിയുമായ ശ്രീ ടി. പി. രാമകൃഷ്ണൻ അവർകളുടെ 22.11.2018 ലെ കത്ത്.

## ഉത്തരവ്

പേരാമ്പ്ര നിയോജകമണ്ഡലത്തിലെ ആവള ഗവ.ഹയർസെക്കന്ററി സ്കൂളിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി എം.എൽ.എ മാരുടെ നിയോജകമണ്ഡലം ആസ്തിവികസന പദ്ധതിയിൽ നിന്നും തുക വിനിയോഗിക്കുവാൻ പ്രത്യേകാനുമതി നൽകണമെന്ന് എം.എൽ.എയും ബഹു. തൊഴിലും എക്സൈസും വകുപ്പ മന്ത്രിയുമായ ശ്രീ.ടി.പി.രാമകൃഷ്ണൻ അവർകൾ പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പേരാമ്പ്ര നിയോജക മണ്ഡലത്തിലെ മേൽ പ്രസ്താവിച്ച പ്രവൃത്തിയ്ക്ക് **എം.എൽ.എ.യും ബഹു**. തൊഴിലും എക്സൈസും വകുപ്പ മന്ത്രിയുമായ ശ്രീ.ടി.പി.രാമകൃഷ്ണൻ അവർകളുടെ 2016-17 സാമ്പത്തിക വർഷത്തിലെ നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയിൽ നിന്നും 60 ലക്ഷം രൂപ വിനിയോഗിക്കുവാൻ പരാമർശം (1) പ്രകാരമുള്ള ഉത്തരവിലെ മാർഗ്ഗരേഖയിൽ ഇളവ് വരുത്തി പ്രത്യേകാനുമതി നൽകി ഉത്തരവാകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**

**അജിത് കുമാർ.എ**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ് :-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.
ബഹു. തൊഴിലും എക്സൈസും വകുപ്പ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
ജില്ലാ കളക്ടർ, കോഴിക്കോട്
ജില്ലാ ട്രഷറി ഓഫീസർ, കോഴിക്കോട്
നോഡൽ ഓഫീസർ www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (E 1043738)

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**